പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1483 — 03.05.2017 ൽ മറുപടിക്ക്

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.ടി.ബൽറാം | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഓഹരി ഘടന മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. കമ്പനിയുടെ അംഗീകൃത മൂലധനം ആയിരുന്ന ആയിരം കോടി രൂപയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 25% ഓഹരിയിൽ നിന്ന് ഇതുവരെ ഒരു പൊതുമേഖലാ സ്ഥാപനവും ഏറ്റെടുക്കാതിരുന്ന 1% ഓഹരി (10 കോടി രൂപ), കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ/ സൊസൈറ്റി/ബാങ്കുകൾ, വ്യക്തികൾ തുടങ്ങിയവ അടങ്ങുന്ന കാറ്റഗറിയിലേക്ക് നൽകുന്നതിനായി 07.04.2017 ൽ ഉത്തരവായിട്ടുണ്ട്.പ്രസ്തുത ഉത്തരവിൻ പ്രകാരം കമ്പനിയുടെ ഇപ്പോഴത്തെ ഓഹരിഘടന താഴെപറയും പ്രകാരമാണ് |

| | | |
|---|---|---|
| കേരള സർക്കാർ | മൊത്തം ഓഹരിയുടെ 35% | 350 കോടി |
| പൊതുമേഖലാ സ്ഥാപനങ്ങൾ | മൊത്തം ഓഹരിയുടെ 24% | 240 കോടി |
| വ്യോമയാന പൊതുമേഖലാ സ്ഥാപനങ്ങൾ | മൊത്തം ഓഹരിയുടെ 10% | 100 കോടി |

| | | |
|---|---|---|
| യോഗ്യതയുള്ള സ്ഥാപന മുതൽമുടക്കുകാർ, വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ / സൊസൈറ്റികൾ / വാണിജ്യ ബാങ്കുകൾ, കാലാകാലങ്ങളിൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന മറ്റ് സ്ഥാപനങ്ങൾ | മൊത്തം ഓഹരിയുടെ 31% | 310 കോടി |
| ആകെ | | 1000 കോടി |

കൂടാതെ കമ്പനിയുടെ അംഗീകൃത മൂലധനം 1000 കോടിയിൽ നിന്ന് 1500 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ കമ്പനിയുടെ 30 നവംബർ 2016 -ൽ ചേർന്ന പൊതു യോഗം തീരുമാനിച്ചിട്ടുണ്ട്.

(ബി) വാണിജ്യാടിസ്ഥാനത്തിൽ വിമാനത്താവളം എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് അറിയിക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളം 2017 -ാം ആണ്ട് സെപ്റ്റംബറിൽ പ്രവർത്തന സജ്ജമാക്കുന്നതിനു വേണ്ടിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(സി) റൺവേയുടെ നീളം കൂട്ടുന്നതിനുള്ള രണ്ടാം ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

(സി) കണ്ണൂർ വിമാനത്താവളം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയതിനു ശേഷം റൺവേയുടെ നീളം കൂട്ടുന്നതിനുള്ള രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ